**മധുരമായ കുട്ടികളേ- നിങ്ങളുടെ ഏറ്റവും ആദ്യത്തെ പാഠമിതാണ്- ഞാൻ ആത്മാവാണ്, ശരീരമല്ല, ആത്മാ-അഭിമാനിയായിരിക്കുകയാണെങ്കിൽ ബാബയുടെ ഓർമ്മയുണ്ടാകും.**

**ചോദ്യം-** മനുഷ്യരുടെ കൈയ്യിലില്ലാത്ത ഏതൊരു ഗുപ്തമായ ഖജനാവാണ് നിങ്ങൾ കുട്ടികളുടെ പക്കലുള്ളത്?
**ഉത്തരം-** നിങ്ങളെ ഭഗവാനായ അച്ഛനാണ് പഠിപ്പിക്കുന്നത്, ആ പഠിപ്പിന്റെ സന്തോഷത്തിന്റെ ഗുപ്തമായ ഖജനാവ് നിങ്ങളുടെ പക്കലുണ്ട്. നിങ്ങൾക്ക് അറിയാം നമ്മൾ എന്താണോ പഠിക്കുന്നത് അത് ഭാവിയിലെ അമരലോകത്തിലേയ്ക്കുവേണ്ടിയാണ് അല്ലാതെ ഈ മൃത്യുലോകത്തിലേയ്ക്ക് വേണ്ടിയല്ല. ബാബ പറയുന്നു അതിരാവിലെ എഴുന്നേറ്റ് നടന്നോളൂ ചുറ്റിക്കറങ്ങിക്കോളൂ, കേവലം ഏറ്റവും ആദ്യത്തെ പാഠം ഓർമ്മിക്കൂ എങ്കിൽ സന്തോഷത്തിന്റെ ഖജനാവ് നിക്ഷേപമായിക്കൊണ്ടിരിക്കും.

**ഓം ശാന്തി**. ബാബ കുട്ടികളോട് ചോദിക്കുന്നു- കുട്ടികളേ, ആത്മാഭിമാനിയായാണോ ഇരിക്കുന്നത്? സ്വയം ആത്മാവാണെന്ന് മനസ്സിലാക്കിയാണോ ഇരിക്കുന്നത്? നമ്മൾ ആത്മാക്കളെ പരമാത്മാവായ അച്ഛൻ പഠിപ്പിക്കുകയാണ്, കുട്ടികൾക്ക് ഈ സ്മൃതി വന്നു നമ്മൾ ദേഹമല്ല, ആത്മാവാണ്. കുട്ടികൾക്ക് ദേഹീ അഭിമാനിയായി മാറുന്നതിന് പരിശ്രമിക്കേണ്ടതായി വരുന്നു. കുട്ടികൾക്ക് ആത്മ അഭിമാനിയായി ഇരിക്കാൻ കഴിയുന്നില്ല. ഇടക്കിടെ ദേഹാഭിമാനത്തിലേയ്ക്ക് വരുന്നു അതിനാൽ ബാബ ചോദിക്കുന്നു - ആത്മാഭിമാനിയായാണോ ഇരിക്കുന്നത്? ആത്മാഭിമാനിയാണെങ്കിൽ ബാബയുടെ ഓർമ്മവരും, അഥവാ ദേഹാഭിമാനത്തിലാണെങ്കിൽ ലൗകിക സംബന്ധികളെ ഓർമ്മ വരും. ആദ്യമാദ്യം ഈ വാക്കുകൾ ഓർമ്മിക്കണം, ഞാൻ ആത്മാവാണ്. ആത്മാവായ എന്നിൽ തന്നെയാണ് 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിരിക്കുന്നത്. ഇത് പക്കയാക്കണം. ഞാൻ ആത്മാവാണ്. അരകല്പം നിങ്ങൾ ദേഹാഭിമാനത്തിലാണ് കഴിഞ്ഞത്. ഇപ്പോൾ സംഗമയുഗത്തിൽ മാത്രമാണ് കുട്ടികളെ ആത്മാഭിമാനിയാക്കി മാറ്റുന്നത്. സ്വയം ദേഹമാണ് എന്ന് കരുതിയാൽ ബാബയെ ഓർമ്മ വരില്ല, അതിനാൽ ആദ്യമാദ്യം ഈ വാക്കുകൾ പക്കയാക്കൂ- ഞാൻ ആത്മാവ് പരിധിയില്ലാത്ത അച്ഛന്റെ കുട്ടിയാണ്. ദേഹത്തിന്റെ അച്ഛനെ ഓർമ്മിക്കാൻ ഒരിയ്ക്കലും പഠിപ്പിച്ച് കൊടുക്കാറില്ല. ഇപ്പോൾ ബാബ പറയുന്നു പാരലൗകിക പിതാവായ എന്നെ ഓർമ്മിക്കൂ, ആത്മാഭിമാനിയായി മാറൂ. ദേഹാഭിമാനിയാകുന്നതിലൂടെ ദേഹത്തിന്റെ സംബന്ധങ്ങൾ ഓർമ്മ വരും, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കു പിന്നെ ബാബയെ ഓർമ്മിക്കു, ഇതാണ് പരിശ്രമം. ഇത് ആരാണ് മനസ്സിലാക്കിത്തരുന്നത്, നമ്മൾ ആത്മാക്കളുടെ അച്ഛനെ എല്ലാവരും ഓർമ്മിക്കുന്നുണ്ട് ബാബാ വരൂ, വന്ന് ഈ ദുഃഖത്തിൽ നിന്നും മുക്തമാക്കൂ. കുട്ടികൾക്ക് അറിയാം ഈ പഠിപ്പിലൂടെ നമ്മൾ ഭാവിയിലേയ്ക്കുള്ള ഉയർന്ന പദവി പ്രാപ്തമാക്കും.

ഇപ്പോൾ നിങ്ങൾ പുരുഷോത്തമ സംഗമയുഗത്തിലാണ്. ഈ മൃത്യുലോകത്തിൽ ഇപ്പോൾ തീർത്തും വസിക്കേണ്ടതില്ല. നമ്മുടെ ഈ പഠിപ്പും ഭാവിയിലെ 21 ജന്മങ്ങളിലേയ്ക്കുള്ളതാണ്. നമ്മൾ സത്യയുഗീ അമരലോകത്തിനുവേണ്ടി പഠിക്കുകയാണ്. അമരനായ ബാബ നമ്മെ ജ്ഞാനം കേൾപ്പിക്കുമ്പോൾ ഇവിടെ ഇരിക്കുന്ന സമയത്ത് ആദ്യമാദ്യം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയുടെ ഓർമ്മയിൽ ഇരിക്കണം എങ്കിൽ വികർമ്മം വിനാശമാകും. നമ്മൾ ഇപ്പോൾ സംഗമയുഗത്തിലാണ്. ബാബ നമ്മളെ ഇപ്പോൾ പുരുഷോത്തമരാക്കി മാറ്റുകയാണ്. പറയുന്നു എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങൾ പുരുഷോത്തമരായി മാറും. ഞാൻ വന്നിരിക്കുന്നത് മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റാനാണ്. സത്യയുഗത്തിൽ നിങ്ങൾ ദേവതകളായിരുന്നു, എങ്ങനെയാണ് ഏണിപ്പടികൾ ഇറങ്ങിയത് എന്നത് ഇപ്പോൾ അറിയാം. നമ്മുടെ ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്. ലോകത്തിലെ ആർക്കും അറിയില്ല, ആ ഭക്തിമാർഗ്ഗം വേറെയാണ്. ഏത് ആത്മാക്കളെയാണോ ബാബ പഠിപ്പിക്കുന്നത് അവർക്ക് മാത്രമേ അറിയൂ, ബാക്കി ആർക്കും അറിയില്ല. ഇത് ഭാവിയിലേയ്ക്കുള്ള ഗുപ്ത ഖജനാവാണ്. നിങ്ങൾ പഠിക്കുന്നതും അമരലോകത്തിനുവേണ്ടിയാണ്, അല്ലാതെ ഈ മൃത്യുലോകത്തിനുവേണ്ടിയല്ല. ഇപ്പോൾ ബാബ പറയുന്നു അതിരാവിലെ എഴുന്നേറ്റ് നടന്നോളൂ ചുറ്റിക്കറങ്ങിക്കോളൂ. ആദ്യമാദ്യം ഈ ശബ്ദം ഓർമ്മിക്കു അതായത് ഞാൻ ആത്മാവാണ്, അല്ലാതെ ശരീരമല്ല. നമ്മുടെ ആത്മീയ ബാബ നമ്മെ പഠിപ്പിക്കുകയാണ്. ഈ ദുഃഖത്തിന്റെ ലോകം ഇപ്പോൾ മാറണം. സത്യയുഗമാണ് സുഖത്തിന്റെ ലോകം, ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. ഇതാണ് ആത്മീയ ജ്ഞാനം. ബാബ ജ്ഞാനസാഗരനും ആത്മീയ പിതാവുമാണ്. ബാബ ആത്മാവിന്റെ അച്ഛനാണ്. ബാക്കി എല്ലാവരും ദേഹത്തിന്റെ സംബന്ധികളാണ്. ഇപ്പോൾ ദേഹത്തിന്റെ സംബന്ധങ്ങളെ വേർപെ

ടുത്തി ഒന്നുമായി കൂട്ടിച്ചേർക്കണം. എന്റേത് ഒരാൾ മാത്രമാണ് രണ്ടാമതായി ആരുമില്ല എന്ന് പാടുന്നുമുണ്ട്. നമ്മൾ ഒരേയൊരു ബാബയെത്തന്നെയാണ് ഓർമ്മിക്കുന്നത്. ദേഹത്തെപ്പോലും ഓർമ്മിക്കുന്നില്ല. ഈ പഴയ ശരീരം ഉപേക്ഷിക്കേണ്ടതാണ്. ഈ ശരീരം എങ്ങനെ ഉപേക്ഷിക്കണം എന്ന ജ്ഞാനവും നിങ്ങൾക്ക് ലഭിക്കുന്നു. ഓർമ്മിച്ച് ഓർമ്മിച്ച് ശരീരം ഉപേക്ഷിക്കണം അതുകൊണ്ട് ബാബ പറയുന്നു ദേഹീ അഭിമാനിയായി മാറൂ. തന്റെയുള്ളിൽ ചിന്തിച്ചുകൊണ്ടേയിരിക്കൂ– ബീജമാകുന്ന ബാബയേയും വൃക്ഷത്തേയും ഓർമ്മിച്ചുകൊണ്ടിരിക്കണം. ശാസ്ത്രങ്ങളിൽ ഈ കല്പവൃക്ഷത്തിന്റെ വൃത്താന്തമുണ്ട്.

ഇതും കുട്ടികൾക്ക് അറിയാം അതായത് നമ്മെ ജ്ഞാനസാഗരനായ ബാബയാണ് പഠിപ്പിക്കുന്നത്. ഏതെങ്കിലും മനുഷ്യനല്ല പഠിപ്പിക്കുന്നത്. ഇത് പക്കയാക്കണം. പഠിക്കണമല്ലോ. സത്യയുഗത്തിലും ദേഹധാരിയാണ് പഠിപ്പിക്കുന്നത്, എന്നാൽ ഇത് ദേഹധാരിയല്ല. ഇവർ പറയുന്നു ഞാൻ പഴയ ദേഹത്തെ ആധാരമായെടുത്ത് നിങ്ങളെ പഠിപ്പിക്കുകയാണ്. കല്പ കല്പം ഞാൻ ഇങ്ങനെ നിങ്ങളെ പഠിപ്പിക്കുന്നു. പിന്നീട് കല്പത്തിനുശേഷവും ഇങ്ങനെ പഠിപ്പിക്കും. ഇപ്പോൾ എന്നെ ഓർമ്മിക്കു എങ്കിൽ വികർമ്മം വിനാശമാകും, ഞാൻ തന്നെയാണ് പതിത പാവനൻ. എന്നെത്തന്നെയാണ് സർവ്വശക്തിവാൻ എന്ന് പറയുന്നത്. പക്ഷേ മായയും കുറവല്ല, അതും ശക്തിവാനാണ്, എവിടെ നിന്നാണ് വീഴ്ത്തിയത്. ഇപ്പോൾ ഓർമ്മ വരുന്നുണ്ടല്ലോ. 84 ജന്മങ്ങളുടെ ചക്രത്തിന്റേയും പാട്ടുണ്ട്. ഇത് മനുഷ്യരുടെതന്നെ കാര്യമാണ്. വളരെ അധികം പേർ ചോദിക്കുന്നു, മൃഗങ്ങൾക്ക് എന്തുസംഭവിക്കും? പക്ഷേ ഇവിടെ മൃഗങ്ങളുടെ കാര്യമില്ല. ബാബയും കുട്ടികളോടാണ് സംസാരിക്കുന്നത്– പുറത്തുള്ളവർക്ക് ബാബയെ അറിയുകയില്ല, അതിനാൽ അവർ എന്ത് സംസാരിക്കാനാണ്. ചിലർ പറയും എനിക്ക് ബാബയെ കാണാൻ ആഗ്രഹമുണ്ട്, ഇപ്പോൾ ഒന്നും അറിയില്ല, ഇരുന്ന് തലതിരിഞ്ഞ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കും. 7 ദിവസത്തെ കോഴ്സ് പൂർത്തിയാക്കിയിട്ടും ഒന്നും പൂർണ്ണമായി മനസ്സിലാക്കുന്നില്ല ഇത് നമ്മുടെ പരിധിയില്ലാത്ത അച്ഛനാണെന്ന് തിരിച്ചറിയുന്നില്ല. ആരാണോ പഴയ ഭക്തർ, വളരെ അധികം ഭക്തി ചെയ്തവർ അവരുടെ ബുദ്ധിയിൽ ജ്ഞാനത്തിന്റെ മുഴുവൻ കാര്യങ്ങളും ഇരിക്കും. ഭക്തി കുറച്ചേ ചെയ്തിട്ടുള്ളുവെങ്കിൽ കുറച്ച് കാര്യങ്ങളേ ബുദ്ധിയിലിരിക്കൂ. നിങ്ങളാണ് ഏറ്റവും പഴയ ഭക്തർ. ഭഗവാൻ ഭക്തിയുടെ ഫലം നൽകാൻ വരും എന്ന് പാട്ടുമുണ്ട്. പക്ഷേ ആർക്കെങ്കിലും ഇത് അറിയുമോ. ജ്ഞാനമാർഗ്ഗവും ഭക്തിമാർഗ്ഗവും തീർത്തും വേറെയാണ്. മുഴുവൻ ലോകവും ഭക്തിമാർഗ്ഗത്തിലാണ്. കോടികളിൽ ചിലരാണ് വന്ന് ഇത് പഠിക്കുന്നത്. മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ മധുരമായിട്ടാണ്. 84 ജന്മങ്ങളുടെ ചക്രവും മനുഷ്യരല്ലേ അറിയുന്നത്. മുമ്പ് നിങ്ങൾക്ക് ഒന്നും അറിയില്ലായിരുന്നു, ശിവനേയും അറിയില്ലായിരുന്നു. ശിവന്റെ ക്ഷേത്രം എത്ര അധികമാണ്. ശിവന്റെ പൂജ ചെയ്യുന്നു, ജലം അർപ്പിക്കുന്നു, ശിവായ നമ: എന്നു പറയുന്നു, എന്തുകൊണ്ടാണ് പുജിക്കുന്നത്, ഒന്നും അറിയില്ല. ലക്ഷ്മീ നാരായണന്മാരുടെ പൂജ എന്തുകൊണ്ടാണ് ചെയ്യുന്നത്, അവർ എവിടെപ്പോയി, ഒന്നും അറിയില്ല. ഭാരതവാസികൾക്കാണ് തങ്ങൾ പൂജ ചെയ്യുന്നവരെ അറിയാത്തത്. ക്രിസ്ത്യൻസിന് അറിയാം ക്രിസ്തു ഇന്ന വർഷമാണ് വന്നത്, വന്ന് സ്ഥാപന ചെയ്തു. ശിവബാബയെ ആർക്കും അറിയില്ല. പതിത പാവനൻ എന്നും ശിവബാബയെയാണ് പറയുന്നത്. അവർ തന്നെയല്ലേ ഉയർന്നതിലും ഉയർന്നത്. ബാബയാണ് ഏറ്റവും അധികം സേവനം ചെയ്യുന്നത്. സർവ്വരുടേയും സദ്ഗതി ദാതാവാണ്. നോക്കൂ എങ്ങനെയാണ് നിങ്ങളെ പഠിപ്പിക്കുന്നത്. വന്ന് പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് ബാബയെ വിളിക്കുന്നുമുണ്ട്. ക്ഷേത്രത്തിൽ എത്ര പൂജ ചെയ്യുന്നു, എത്ര ആഘോഷമായി, എത്ര ചിലവ് ചെയ്യുന്നു. ശ്രീനാഥക്ഷേത്രത്തിലും ജഗന്നാഥ ക്ഷേത്രത്തിലും ചെന്ന് നോക്കൂ. രണ്ടും ഒരാളുടേതുതന്നെയാണ്. ജഗന്നാഥ ക്ഷേത്രത്തിൽ ചോറുരുള സമർപ്പിക്കുന്നു. ശ്രീനാഥിലാണെങ്കിൽ വളരെ അധികം വിഭവങ്ങൾ ഉണ്ടാക്കുന്നു. എന്തുകൊണ്ടാണ് വ്യത്യാസം വരുന്നത്? കാരണം വേണമല്ലോ. ശ്രീനാഥിനേയും ജഗന്നാഥിനേയും കറുത്തതായാണ് കാണിച്ചിരിക്കുന്നത്. കാരണം ഒന്നും മനസ്സിലാക്കുന്നില്ല. ജഗന്നാഥൻ എന്ന് ലക്ഷ്മീ നാരായണന്മാരെയാണ് പറയുന്നത് അതോ രാധാ കൃഷ്ണനെ പറയുമോ? രാധാ കൃഷ്ണനും ലക്ഷ്മീ നാരായണനും തമ്മിലുള്ള സംബന്ധം എന്താണ്, ഇതും ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി നമ്മൾ പൂജ്യ ദേവതകളായിരുന്നു പിന്നീട് പൂജാരിയായി മാറി. ചക്രം കറങ്ങി. ഇപ്പോൾ വീണ്ടും ദേവതയായി മാറാൻ നമ്മൾ പഠിക്കുകയാണ്. ഇത് ഏതെങ്കിലും മനുഷ്യനല്ല പഠിപ്പിക്കുന്നത്. ഭഗവാന്റെ വാക്കുകളാണ്. ജ്ഞാനസാഗരൻ എന്നും ഭഗവാനെയാണ് പറയുന്നത്. ഇവിടെ ഭക്തിയുടെ സാഗരങ്ങൾ ഒരുപാടുണ്ട് അവർ ജ്ഞാനസാഗരനായ ബാബയെ ഓർമ്മിക്കുന്നു. നിങ്ങൾ പതിതമായി മാറി വീണ്ടും തീർച്ചയായും പാവനമായി മാറണം. ഇത് പതിത ലോകമാണ്. ഇത് സ്വർഗ്ഗമല്ല. വൈകുണ്ഠം എവിടെയാണ് എന്നത് ആർക്കും അറിയില്ല. വൈകുണ്ഠത്തിലേയ്ക്ക് പോയി എന്നു പറയുന്നു. എങ്കിൽ പിന്നെ അവരെ വിളിച്ച് നരകത്തിലെ ഭോജനം എന്തിനാണ് കഴിപ്പിക്കുന്നത്. സത്യയുഗത്തിൽ വളരെ അധികം ഫലങ്ങളും പുഷ്പങ്ങളും ഉണ്ടാകും. ഇവിടെ എന്താണുള്ളത്? ഇത് നരകമാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം ബാബയിലൂടെ നമ്മൾ സ്വർഗ്ഗവാസിയാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യു

കയാണ്. പതിതത്തിൽ നിന്നും പാവനമായി മാറണം. ബാബ യുക്തി പറഞ്ഞുതന്നിട്ടുണ്ട്– കല്പ കല്പം ബാബയും യുക്തി പറഞ്ഞുതരും. എന്നെ ഓർമ്മിക്കു എങ്കിൽ വികർമ്മം വിനാശമാകും. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ പുരുഷോത്തമ സംഗമയുഗത്തിലാണ്. നിങ്ങളാണ് പറയുന്നത് ബാബാ 5000 വർഷങ്ങൾക്ക് മുമ്പ് ഞങ്ങൾ ഇതായിട്ടുണ്ട്. കല്പ കല്പം ബാബയിൽ നിന്നും ഈ അമരകഥ കേൾക്കുന്നു ഇത് നിങ്ങൾക്കേ അറിയൂ. ശിവബാബയാണ് അമരനാഥൻ. പാർവ്വതിയെ ഇരുത്തി കഥ കേൾപ്പിച്ചു എന്നല്ല. അത് ഭക്തിയാണ്. ജ്ഞാനത്തേയും ഭക്തിയേയും നിങ്ങൾ മനസ്സിലാക്കി. ബ്രാഹ്മണരുടെ പകലും പിന്നീട് ബ്രാഹ്മണരുടെ രാത്രിയും. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ ബ്രാഹ്മണരല്ലേ. ആദിദേവനും ബ്രാഹ്മ ണൻ തന്നെയായിരുന്നു, ദേവത എന്ന് പറയില്ല. ആദിദേവന്റെ അടുത്തേയ്ക്കും പോകുന്നു, ദേവിമാർക്കും എത്ര പേരുകളാണ്. നിങ്ങൾ സേവനം ചെയ്തിട്ടുണ്ട് അതിനാലാണ് നിങ്ങൾക്ക് മഹിമ, നിർവ്വികാരിയായി രുന്ന ഭാരതം പിന്നീട് വികാരങ്ങൾ നിറഞ്ഞതാവുന്നു. ഇപ്പോൾ രാവണ രാജ്യമല്ലേ.

സംഗമയുഗത്തിൽ നിങ്ങൾ കുട്ടികൾ ഇപ്പോൾ പുരുഷോത്തമരാകുന്നു, നിങ്ങളുടെമേൽ ബൃഹസ്പതി യുടെ ദശ അവിനാശിയായി നിലനിൽക്കുന്നു അപ്പോഴാണ് നിങ്ങൾ അമരപുരിയുടെ അധികാരിയായി മാറുന്നത്. ബാബ നിങ്ങളെ പഠിപ്പിക്കുകയാണ്, മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നതിന്. സ്വർഗ്ഗ ത്തിന്റെ അധികാരിയായി മാറുന്നതിനെ ബൃഹസ്പതി ദശ എന്നു പറയുന്നു. നിങ്ങൾ അമരപുരിയായ സ്വർഗ്ഗത്തിലേയ്ക്ക് തീർച്ചയായും പോകും. ബാക്കി പഠിപ്പിൽ ദശകൾ താഴേയ്ക്കും മുകളിലേയ്ക്കും പോകും. ഓർമ്മ തന്നെ മറന്നുപോകും. ബാബ പറഞ്ഞിട്ടുണ്ട് എന്നെ ഓർമ്മിക്കു. ഗീതയിലും ഉണ്ട് ഭഗവാ നുവാചാ– കാമം മഹാശത്രുവാണ്. പഠിക്കുന്നുണ്ട് പക്ഷേ വികാരത്തെ ജയിക്കുന്നുണ്ടോ. ഭഗവാൻ എപ്പോൾ പറഞ്ഞു? 5000 വർഷമായി. ഇപ്പോൾ വീണ്ടും ഭഗവാൻ പറയുന്നു കാമം മഹാശത്രുവാണ്, ഇതിനുമേൽ വിജയം നേടണം. ഇത് ആദി മദ്ധ്യ അന്ത്യം ദുഃഖം നൽകുന്നതാണ്. മുഖ്യമായത് കാമത്തിന്റെ കാര്യമാണ്, ഇതിന്റെ ആധാരത്തിലാണ് പതിതം എന്ന് പറയുന്നത്. ഇപ്പോൾ മനസ്സിലായി, ഈ ചക്രം കറങ്ങുന്നുണ്ട്. നമ്മൾ പതിതമായി മാറുന്നു, പിന്നീട് ബാബ വന്ന് പാവനമാക്കി മാറ്റുന്നു– ഡ്രാമ അനുസരിച്ച്. ബാബ വീണ്ടും വീണ്ടും പറയുന്നു ആദ്യമാദ്യം അല്ലാഹുവിന്റെ കാര്യം ഓർമ്മിക്കൂ, ശ്രീമതത്തിലൂടെ നടക്കുന്ന തിലൂടെയേ നിങ്ങൾ ശ്രേഷ്ഠമായി മാറൂ. ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ആദ്യം ശ്രേഷ്ഠമായി രുന്നു പിന്നീടാണ് ഭ്രഷ്ടമായത്. ഇപ്പോൾ വീണ്ടും ശ്രേഷ്ഠമായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യു കയാണ്. ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. ആർക്കും ദുഃഖം നൽകരുത്. വഴി പറഞ്ഞുകൊടുത്തു കൊണ്ടിരിക്കൂ. ബാബ പറയുന്നു എന്നെ ഓർമ്മിക്കു എങ്കിൽ പാപം മുറിയും. പതിത പാവനൻ എന്ന് നിങ്ങൾ എന്നെയല്ലേ പറയുന്നത്. പതിത പാവനൻ എങ്ങനെയാണ് വന്ന് പാവനമാക്കി മാറ്റുന്നത് എന്നത് ആർക്കും അറിയില്ല. കല്പം മുമ്പും ബാബ പറഞ്ഞിരുന്നു എന്നെ മാത്രം ഓർമ്മിക്കു. ഇത് യോഗാഗ്നിയാ ണ്, ഇതിലൂടെ പാപം ഉരുകിപ്പോകും. അഴുക്ക് ഇളകുന്നതിലൂടെ ആത്മാവ് പവിത്രമായി മാറും. കലർപ്പ് സ്വർണ്ണത്തിൽ തന്നെയാണ് ചേർക്കുന്നത്. പിന്നീട് ആഭരണവും അങ്ങനെയുള്ളതാണ് ലഭിക്കുക. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് എങ്ങനെയാണ് ആത്മാവിൽ അഴുക്ക് പിടിക്കുന്ന ത്, അതിനെ കളയണം. ബാബയ്ക്കും ഡ്രാമയിൽ പാർട്ടുണ്ട് അതിനാലാണ് വന്ന് നിങ്ങൾ കുട്ടികളെ ദേഹീ അഭിമാനിയാക്കി മാറ്റുന്നത്. പവിത്രമായും മാറണം. നിങ്ങൾക്ക് അറിയാം സത്യയുഗത്തിൽ നമ്മൾ വൈഷ്ണവരായിരുന്നു. പവിത്രമായ ഗൃഹസ്ഥാശ്രമമായിരുന്നു. ഇപ്പോൾ നമ്മൾ പവിത്രമായി മാറി വിഷ്ണു പുരിയുടെ അധികാരിയായി മാറുകയാണ്. നിങ്ങൾ ഡബിൾ വൈഷ്ണവരായാണ് മാറുന്നത്. സത്യം സത്യമായ വൈഷ്ണവർ നിങ്ങളാണ്. അവർ വികാരി വൈഷ്ണവ ധർമ്മത്തിലുള്ളവരാണ്. നിങ്ങൾ നിർവ്വി കാരി വൈഷ്ണവ ധർമ്മത്തിലുള്ളവരാണ്. ഇപ്പോൾ ഒന്നാമത് നിങ്ങൾ ബാബയെ ഓർമ്മിക്കുന്നു പിന്നെ ബാബയിൽ എന്ത് ജ്ഞാനമാണോ ഉള്ളത് അത് ധാരണ ചെയ്യുന്നു. നിങ്ങൾ രാജാക്കന്മാരുടേയും രാജാ വായി മാറുന്നു. ആ രാജാക്കന്മാർ അല്പകാലത്തിലേയ്ക്ക്, ഒരു ജന്മത്തിലേയ്ക്കാണ് രാജാവാകുന്നത്. നിങ്ങളുടെ രാജധാനി 21 ജന്മങ്ങളിലേയ്ക്ക് അഥവാ മുഴുവൻ സമയവും ഉണ്ടാകും. അവിടെ ഒരിയ്ക്കലും അകാലമൃത്യു ഉണ്ടാകില്ല. നിങ്ങൾ കാലനുമേൽ വിജയം നേടുന്നു. സമയമാകുമ്പോൾ മനസ്സിലാക്കും ഇപ്പോൾ പഴയ തോൽ ഉപേക്ഷിച്ച് പുതിയത് എടുക്കണം. നിങ്ങൾക്ക് സാക്ഷാത്ക്കാരം ഉണ്ടാകും. സന്തോഷ ത്തിന്റെ വാദ്യം മുഴങ്ങിക്കൊണ്ടിരിക്കും. തമോപ്രധാനമായ ശരീരം ഉപേക്ഷിച്ച് സതോപ്രധാനമായ ശരീരം എടുക്കുക എന്നത് സന്തോഷത്തിന്റെ കാര്യമല്ലേ. അവിടെ ശരാശരി 150 വർഷം ആയുസ്സുണ്ടാകും. ഇവി ടെയാണെങ്കിൽ അകാലമൃത്യു സംഭവിച്ചുകൊണ്ടിരിക്കുന്നു എന്തുകൊണ്ടെന്നാൽ ഭോഗികളാണ്. ഏത് കുട്ടികളുടേതാണോ യഥാർത്ഥ യോഗം അവരുടെ കർമ്മേന്ദ്രിയങ്ങൾ യോഗബലത്തിലൂടെ വശത്തായിരി ക്കും. യോഗത്തിൽ പൂർണ്ണമായി ഇരിക്കുന്നതിലൂടെ കർമ്മേന്ദ്രിയങ്ങൾ ശീതളമാകുന്നു. സത്യയുഗത്തിൽ ഒരു കർമ്മേന്ദ്രിയവും നിങ്ങളെ ചതിക്കില്ല, കർമ്മേന്ദ്രിയങ്ങൾ നിയന്ത്രണത്തിലല്ല എന്ന് ഒരിയ്ക്കലും പറ യില്ല. നിങ്ങൾ ഉയർന്നതിലും ഉയർന്ന പദവിയാണ് പ്രാപ്തമാക്കുന്നത്. ഇതിനെയാണ് ബൃഹസ്പതി

യുടെ അവിനാശീ ദശ എന്നു പറയുന്നത്. വൃക്ഷപതി മനുഷ്യസൃഷ്ടിയുടെ ബീജരൂപമായ ബാബയാണ്. ബീജം മുകളിലാണ്, അവരെ ഓർമ്മിക്കുന്നതും മുകളിലാണ്. ആത്മാവ് ബാബയെ ഓർമ്മിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് അറിയാം പരിധിയില്ലാത്ത ബാബ നമ്മെ പഠിപ്പിക്കുന്നു, ബാബ വരുന്നതുതന്നെ ഒരേയൊരു തവണയാണ് അമരകഥ കേൾപ്പിക്കാൻ. അമരകഥ എന്നു പറഞ്ഞോളു, സത്യനാരായണന്റെ കഥ എന്നു പറഞ്ഞോളൂ, ആ കഥയുടെ അർത്ഥവും മനസ്സിലാക്കുന്നില്ല. സത്യനാരായണന്റെ കഥയിലൂടെ നരനിൽ നിന്നും നാരായണനായി മാറുന്നു. അമരകഥയിലൂടെ നിങ്ങൾ അമരന്മാരായി മാറുന്നു. ബാബ ഓരോ കാര്യവും വ്യക്തമാക്കി മനസ്സിലാക്കിത്തരുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) യോഗബലത്തിലൂടെ തന്റെ സർവ്വകർമ്മേന്ദ്രിയങ്ങളേയും വശത്താക്കണം. ഒരേയൊരു വൃക്ഷപതിയായ ബാബയെ ഓർമ്മിക്കണം. സത്യമായ വൈഷ്ണവൻ അർത്ഥം പവിത്രമായി മാറണം.

2) അതിരാവിലെ ഉണർന്ന് ആദ്യ പാഠം പക്കയാക്കണം അതായത് ഞാൻ ആത്മാവാണ്, ശരീരമല്ല. നമ്മുടെ ആത്മീയ അച്ഛൻ നമ്മെ പഠിപ്പിക്കുന്നു, ഈ ദുഃഖത്തിന്റെ ലോകം ഇപ്പോൾ മാറണം............ ഇങ്ങനെ മുഴുവൻ ജ്ഞാനവും ബുദ്ധിയിൽ സ്മരിച്ചുകൊണ്ടിരിക്കണം.

## വരദാനം:- ഓരോ ഖജനാവുകളെയും കാര്യത്തിൽ ഉപയോഗിച്ച് കോടികളുടെ സമ്പാദ്യം ശേഖരിക്കുന്ന കോടി മടങ്ങ് ഭാഗ്യശാലികളായി ഭവിക്കട്ടെ.

ഓരോ സെക്കന്റിലും കോടികളുടെ സമ്പാദ്യം ശേഖരിക്കാനുള്ള വരദാനം ഡ്രാമയിൽ സംഗമയുഗത്തിന് ലഭിച്ചിട്ടുണ്ട്. അങ്ങനെയുള്ള വരദാനത്തെ സ്വയത്തെപ്രതി ശേഖരിക്കൂ ഒപ്പം മറ്റുള്ളവർക്ക് വേണ്ടി ദാനം ചെയ്യൂ. അതേപോലെത്തന്നെ സങ്കൽപ്പത്തിന്റെ ഖജനാവിനെ, ജ്ഞാനത്തിന്റെ ഖജനാവിനെ, സ്ഥൂലധനമാകുന്ന ഖജനാവിനെ ഉപയോഗിച്ച് കോടികളുടെ സമ്പാദ്യം ശേഖരിക്കൂ എന്തുകൊണ്ടെന്നാൽ സ്ഥൂലധനവും ഈശ്വരാർത്ഥം സമർപ്പണം ചെയ്യുന്നതിലൂടെ ഒരു നയാപൈസ ഒരു രത്നസമാനം മൂല്യമുള്ളതാകുന്നു- അതിനാൽ ഈ സർവ്വഖജനാവുകളെയും സ്വയത്തെപ്രതിയും സേവനങ്ങൾക്ക് വേണ്ടിയും കാര്യത്തിൽ ഉപയോഗിക്കൂ അപ്പോൾ കോടി മടങ്ങ് ഭാഗ്യശാലികളായി മാറും.

## സ്ലോഗൻ:- എവിടെ ഹൃദയം കൊണ്ടുള്ള സ്നേഹമുണ്ടോ അവിടെ സർവ്വരുടെയും സഹയോഗം സഹജമായി ലഭിക്കുന്നു.

**അവ്യക്ത സൂചനകൾ- ആത്മീയ സ്ഥിതിയിൽ സ്ഥിതി ചെയ്യാനുള്ള അഭ്യാസം ചെയ്യൂ അന്തർമുഖിയാകൂ.** ഇപ്പോൾ ഇപ്രകാരം സുതാര്യമാകൂ അതിലൂടെ താങ്കളുടെ ശരീരത്തിനുള്ളിൽ ആത്മാവ് വിരാജിതനാണ് എന്നത് സ്പഷ്ടമായി സർവ്വർക്കും കാണപ്പെടണം. താങ്കളുടെ ആത്മീയ സ്വരൂപം അവർക്ക് അവരുടെ ആത്മീയസ്വരൂപത്തിന്റെ സാക്ഷാത്കാരം ചെയ്യിപ്പിക്കണം, ഇതിനെത്തന്നെയാണ് പറയുന്നത് അവ്യക്തം അഥവാ ആത്മീയ സ്ഥിതിയുടെ അനുഭവം ചെയ്യിപ്പിക്കുക.